## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1952

15.07.2016 ലെ മറുപടിയ്ക്ക്

## ചാലക്കുടിപ്പുഴയിൽ തടയണകൾ

**ചോദ്യം**

**ശ്രീ. ബി. ഡി. ദേവസ്സി:**

(എ) ചാലക്കുടിപ്പുഴയിൽ തട്ടുപാറയിലും പൂതുരുത്തി തോട്ടിലും തടയണകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ ആരംഭിക്കുന്നതിനാവശ്യമായഅടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**മാത്യു. ടി. തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) & (ബി)

ചാലക്കുടിപ്പുഴയിലെ തട്ടുപാറ തടയണയുടെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തര വാദിത്ത്വത്തിൽ റദ്ദ് ചെയ്യതാണ്. 37.5% മാത്രം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന 108 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

പൂതുരുത്തി തോട്ടിലെ പൂതുരുഞ്ഞി ക്രോസ്ബാറിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.